# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

05.03.2018-ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 961

## <u>പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം</u>

**<u>ചോദ്യം</u>**

ശ്രീ.വി.ടി.ബൽറാം
,, പി.ടി. തോമസ്

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആയതിന്റെ ഒന്നാം ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിരുന്ന സ്കൂളുകളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

**<u>മറുപടി</u>**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സ്കൂളുകളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതുമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 141 സ്കൂളുകളിൽ 138 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.
- അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 229 സ്കൂളുകളിൽ 163 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും 70 സ്കൂളുകൾക്ക് കിഫ്ബി മുഖേനയുള്ള ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കൈറ്റിനെ തെരഞ്ഞെടുക്കുകയും അതിന്റെ നേതൃത്വത്തിൽ ടെൻഡർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി WAPCOS-നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പദ്ധതിയുടെ ഭാഗമായി വിവിധ എൽ.പി./യു.പി. സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഇതിനോടകം 140 സ്കൂളുകൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഈ സ്കൂളുകളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉതകുന്ന തരത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 'കിറ്റ്കോ' എന്ന സർക്കാർ അംഗീകൃത ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) എത്ര സ്കൂളുകളുടെ മാസ്റ്റർ പ്ലാനാണ് കിറ്റ്കോ തയ്യാറാക്കിയിട്ടുള്ളതെന്നും ഈ വകയിൽ കിറ്റ്കോ യ്ക്ക് അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുക;

(സി) നിലവിൽ 323 സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടാണ് കിറ്റ്കോ തയ്യാറാക്കിയിട്ടുള്ളത്. കൺസൾട്ടൻസി ഫീസ് ഇനത്തിൽ നാളിതുവരെ 3,21,38,000/- രൂപ (മൂന്നുകോടി ഇരുപത്തൊന്ന് ലക്ഷത്തി മുപ്പത്തെണ്ണായിരം രൂപ) കിറ്റ്കോയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) മറ്റ് ഏതെങ്കിലും സർക്കാർ അംഗീകൃത ഏജൻസികൾ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ? എങ്കിൽ ഈ ഏജൻസികൾ ഓരോന്നിനുമായി അനുവദിച്ച തുക എത്രയെന്നു വ്യക്തമാക്കാമോ;

(ഡി) വിവിധ സർക്കാർ അംഗീകൃത ഏജൻസികൾ സ്കൂളുകളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത ഏജൻസികൾക്ക് സർക്കാർ പ്രതിഫലം ഒന്നുംതന്നെ അനുവദിച്ച് നൽകിയിട്ടില്ല.

(ഇ) ഈ സ്കൂളുകളുടെ നിലവാരം, വിജയശതമാനം, അടിസ്ഥാന സൗകര്യം എന്നിവ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; ഇല്ലെങ്കിൽ പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ഇ) പ്രസ്തുത സ്കൂളുകളുടെ നിലവാരം, വിജയശതമാനം, അടിസ്ഥാനസൗകര്യം എന്നിവ യഥാസമയം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ